# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 373      16.03.2017 -ൽ മറുപടിയ്ക്ക്

## അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ബാബു | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക്, നിലവിലുള്ള നിയമങ്ങൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നിലവിൽ നൽകി വരുന്നു. ഇതിനു പുറമെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് സംഘടിപ്പിച്ചു വരുന്ന "നിയുക്തി" ജോബ്ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തി വരുന്ന ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |

| | |
|---|---|
| (ബി) ഗ്രാമീണ മേഖലയിലെ തൊഴിൽ അന്വേഷകർക്കും വിദ്യാർത്ഥികൾക്കും കരിയർ സംബന്ധമായ സേവനങ്ങളും പരിശീലനങ്ങളും നൽകുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഗ്രാമീണ മേഖലയിലെ തൊഴിൽ അന്വേഷകർക്കും വിദ്യാർത്ഥികൾക്കും കരിയർ സംബന്ധമായ സേവനങ്ങളും പരിശീലനങ്ങളും നൽകുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനു നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുകയും പേരാമ്പ്രയിലും ചിറ്റൂരിലും ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കൂടുതൽ ഗ്രാമീണ മേഖലകളിലേക്ക് ഇത്തരം സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) വരും വർഷങ്ങളിൽ ഇത്തരം കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഗ്രാമീണ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

* * *

| | |
|---|---|
| (ഡി) തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും മറ്റുമായി ഏർപ്പെടുത്തിയ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (ഡി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ "തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക" എന്ന ലക്ഷ്യത്തോടു കൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ". ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകി തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റി, ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത സെന്ററുകൾ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ സഹകരണത്തോടെ വകുപ്പ് ഈ സാമ്പത്തിക വർഷത്തിൽ 217 തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതിൽ 1370 ഉദ്യോഗദായകരും 70171 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 3338 പേർക്കു സ്പോട്ട് സെലക്ഷൻ നൽകുകയും 12215 പേർക്ക് ജോബ് ഓഫറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ